**കേരള കാർഷികസർവകലാശാല**

സംഗ്രഹം

കെ.എ.യു. - പൊതുഭരണം - ഡെലിഗേഷൻ ഓഫ് പവേഴ്സ് - മാനവ വിഭശേഷി വികസന പദ്ധതികളുടെ ഭാഗമായി പരിശീലകർക്ക് ഓണറേറിയം അനുവദിക്കുന്നതിനുള്ള നിരക്ക് നിശ്ചയിക്കുന്നതിനുള്ള അധികാരം വിജ്ഞാപന വ്യാപന വിഭാഗം മേധാവിക്ക് അനുവദിക്കുന്നത് - സംബന്ധിച്ച്.

---

**പൊതുഭരണ വിഭാഗം**

നം. KAUGA/8852/2024-GA-E3 തീയതി. വെള്ളാനിക്കര, 18-11-2024

---

പരാമർശം: 1) 27/11/2020 ലെ Extn.(1) 86291/13 നമ്പർ ഉത്തരവ്.
2) 620-മത് ഭരണസമിതി തീരുമാനം (ഇനം 22/24).

**ഉത്തരവ്**

കേരള കാർഷിക സർവകലാശാലയിൽ സർവകലാശാലയ്ക്ക് പുറത്തുനിന്നുള്ള ശാസ്ത്രജ്ഞന്മാർ/ പ്രൊഫസർമാർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തി മണ്ണുത്തി സെൻട്രൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന പരിശീലന പരിപാടികളിൽ മണിക്കൂറിന് 1250 രൂപ + DA എന്ന നിരക്കിൽ ഓണറേറിയം നിശ്ചയിച്ചിരുന്നു.

മണ്ണുത്തി സെൻട്രൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ നിലവിലുള്ള മാനവ വിഭവശേഷി വികസന പദ്ധതികളുടെ ഭാഗമായി പരിശീലന പരിപാടികൾ നടത്തുന്നതിനായി സർവകലാശാലയ്ക്ക് പുറത്തുനിന്നുമുള്ള IMG, IIT, NAARM , MANAGE തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും വിദഗ്ദ്ധരായ പരിശീലകരെ ക്ഷണിക്കാറുണ്ട്. സർവകലാശാലയ്ക്ക് പുറത്ത് നിന്നുള്ള വിദഗ്ധരുടേയും കൺസൾട്ടന്റുമാരുടേയും ഓണറേറിയത്തിന്റെ നിരക്ക് അവർ ജോലി ചെയ്യുന്ന സ്ഥാപനം, വൈദഗ്ധ്യം എന്നിവയ്ക്കനുസരിച്ച് വ്യത്യാസപ്പെടുന്നുണ്ട്. ഇവർ പരാമർശം-1 പ്രകാരം സർവകലാശാല നിശ്ചയിച്ചിട്ടുള്ളതിലും ഉയർന്ന നിരക്കിൽ ഓണറേറിയം ആവശ്യപ്പെടുന്ന സാഹചര്യമുണ്ട്. ഇത്തരത്തിലുള്ള ബാഹ്യവിദഗ്ദർക്ക് നൽകേണ്ടുന്ന ഓണറേറിയം നിരക്ക് നിശ്ചയിക്കാനുള്ള അധികാരം നിലവിൽ വിജ്ഞാന വ്യാപന വിഭാഗം മേധാവിയ്ക്ക് അനുവദിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഈ വിഷയം ഭരണസമിതി മുൻപാകെ സമർപ്പിക്കുകയുണ്ടായി.

23/07/2024-ൽ ചേർന്ന 620-മത് ഭരണസമിതി യോഗം ഈ വിഷയം വിശദമായി പരിശോധിക്കുകയും, വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള വിവിധ സ്റ്റേഷനുകളിലെ മാനവ വിഭവ ശേഷി വികസന പദ്ധതികളുടെ ഭാഗമായി നടത്തപ്പെടുന്ന പരിശീലന പരിപാടികൾ കൈകാര്യം ചെയ്യുന്ന വിദഗ്ധർക്കും കൺസൾട്ടന്റുമാർക്കുമുള്ള ഓണറേറിയത്തിന്റെ നിരക്ക് ബജറ്റ് വിഹിതത്തിനും പൊതു ഉത്തരവിനും അനുസരിച്ച് നിശ്ചയിക്കുന്നതിനുള്ള അധികാരം വിജ്ഞാപന വ്യാപന വിഭാഗം മേധാവിക്ക് നൽകുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട് (സൂചന - 2).

തദനുസൃതമായി, വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള വിവിധ സ്റ്റേഷനുകളിലെ മാനവ വിഭവ ശേഷി വികസന പദ്ധതികളുടെ ഭാഗമായി നടത്തപ്പെടുന്ന പരിശീലന പരിപാടികൾ കൈകാര്യം ചെയ്യുന്ന വിദഗ്ധർക്കും കൺസൾട്ടന്റുമാർക്കുമുള്ള ഓണറേറിയത്തിന്റെ നിരക്ക് ബജറ്റ് വിഹിതത്തിനും പൊതു ഉത്തരവിനും അനുസരിച്ച് നിശ്ചയിക്കുന്നതിനുള്ള അധികാരം വിജ്ഞാപന വ്യാപന വിഭാഗം മേധാവിക്ക് നൽകി ഇതിനാൽ ഉത്തരവാകുന്നു.

ഇത് ഉൾക്കൊള്ളിച്ചു കൊണ്ട് പരിഷ്കരിച്ച ഡെലിഗേഷൻ ഓഫ് പവേഴ്സ് രേഖ പ്രത്യേകമായി പുറപ്പെടുവിക്കുന്നതാണ്.

**ഭരണസമിതിയുടെ ഉത്തരവിൻ പ്രകാരം**

**Abdul Rasheed V Y**
**DEPUTY REGISTRAR**

സ്വീകർത്താവ്: ഡയറക്ടർ ഓഫ് എക്സ്റ്റൻഷൻ, കെ.എ.യു.

പകർപ്പ്:
പി.എസ് ടു വി.സി, പി.എ ടു വി.സി, പി.എ ടു വി.സി, പി.എ ടു രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം), അസിസ്റ്റന്റ് രജിസ്ട്രാർ (ഭരണം I), സെക്ഷൻ ഓഫീസർ- ജിഎ/ജി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Harijith P
Date: 18-11-2024 14:14:01